File No. 9363/J1/12/H-Edn

<u>പതിമൂന്നാം കേരള നിയമസഭ</u>
<u>നാലാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നമിടാത്ത</u>
<u>നിയമസഭാ ചോദ്യം നം: 1029</u>

<u>20.03..2012 -ൽ</u>
<u>മറുപടിയ്ക്ക്</u>

## ഐ.എച്ച്.ആർ.ഡി, എഞ്ചിനീയറിംഗ്/അപ്ലൈഡ് സയൻസ് കോളേജുകളിലെ ടെക്നിക്കൽ സ്റ്റാഫ് സേവനവേതനങ്ങൾ

*ചോദ്യം*
ശ്രീ. പി. സി. വിഷ്ണുനാഥ്

*ഉത്തരം*
ശ്രീ. പി.കെ.അബ്ദു റബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) ഐ.എച്ച്.ആർ.ഡി എഞ്ചിനീയറിംഗ് കോളേജുകളിലും അപ്ലൈഡ് സയൻസ് കോളേജുകളിലും ജോലി ചെയ്തു വരുന്ന സമാനതസ്തികകളിൽപ്പെട്ട ജീവനക്കാരുടെ സേവനവേതനങ്ങൾ തമ്മിലുള്ള വ്യത്യസ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുവാൻ എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(എ) എഞ്ചിനീയറിംഗ് കോളേജ് സർവ്വീസും അപ്ലൈഡ് സയൻസ് കോളേജ് സർവ്വീസും ഇപ്പോൾ രണ്ട് വ്യത്യസ്ത സർവ്വീസുകളാണ്. എഞ്ചിനീയറിംഗ് കോളേജ് സർവ്വീസിലെ ജീവനക്കാർക്ക് AICTE, UGC പാക്കേജുകൾ നടപ്പാക്കിയിട്ടുണ്ട്. അപ്ലൈഡ് സയൻസ് കോളേജുകളിൽ ഇതുവരെയും UGC പാക്കേജ് നടപ്പാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് ഒരു കേസ് കേരള ഹൈക്കോടതിയുടെ മുൻപാകെ പരിഗണനയിലാണ്. പ്രസ്തുത കേസിലെ വിധിന്യായപ്രകാരം തുടർ നടപടി സ്വീകരിക്കുന്നതാണ്.

(ബി) 19.10.2011 ലെ ഇ.എ1/8291/2006/എച്ച്.ആർ.ഡി ഉത്തരവ് പ്രകാരം ഗസ്റ്റ് അദ്ധ്യാപകർക്ക് നൽകിയ പുതുക്കിയ നിരക്കിലെ വേതനം 1.10.2011 മുതൽ ഐ.എച്ച്.ആർ.ഡി.യുടെ തന്നെ പരിധിയിൽ വരുന്ന എഞ്ചിനീയറിംഗ് കോളേജുകളിലെ ടെക്നിക്കൽ തസ്തികയിൽ ജോലി ചെയ്യുന്നവർക്കും ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ?

(ബി) എഞ്ചിനീയറിംഗ് കോളേജുകളിൽ ജോലി ചെയ്യുവരുന്ന താൽക്കാലിക ജീവനക്കാരുടെ വേതന വർദ്ധനവിനെപ്പറ്റി പഠിയ്ക്കുവാനായി ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി റിപ്പോർട്ട് ലഭിച്ചശേഷം അത് പരിശോധിച്ച് മേൽ നടപടികൾ സ്വീകരിക്കും.

സെക്ഷൻ ഓഫീസർ